# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

### 108 ആംബുലൻസിന്റെ സേവനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 687 — 12.6.2013 - ൽ മറുപടിയ്ക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. കെ.എസ്. സലീഖ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| എ) | മുൻസർക്കാർ മികച്ച രീതിയിൽ പ്രവർത്തനം നടപ്പിലാക്കിയ '108' ആംബുലൻസിന്റെ സേവനം എല്ലാ ജില്ലയിലും ഈ സർക്കാർ നടപ്പിലാക്കിയോ; | എ) | '108' ആംബുലൻസുകളുടെ സേവനം എല്ലാ ജില്ലകളിലും നടപ്പാക്കിയിട്ടില്ല. ഇപ്പോൾ തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലാണ് '108' ആംബുലൻസുകൾ സേവനം നടത്തുന്നത് |
| ബി) | ഇതുവരെ എത്രപേരുടെ ജീവൻ '108' ആംബുലൻസ് സേവനം വഴി രക്ഷിച്ചു; | ബി) | നാളിതുവരെ 80,250 പേർക്ക് 108 ആംബുലൻസിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ജീവൻ രക്ഷിച്ചവരുടെ കണക്ക് ലഭ്യമല്ല. |
| സി) | വാഹനാപകടങ്ങളിൽ പരിക്കേറ്റവർ, ഹൃദയ സംബന്ധമായ അസുഖമുള്ളവർ, ശ്വാസതടസ്സം അനുഭവപ്പെട്ടവർ, പ്രസവത്തിന് അടിയന്തിര ചികിത്സ ലഭിക്കേണ്ടവർ എന്നിങ്ങനെ എത്ര പേർക്ക് അതിന്റെ സേവനം ഇതുവരെ ലഭിച്ചുവെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ; | സി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| ഡി) | നിലവിൽ എത്ര '108' ആബുലൻസുകളാണ് പ്രവർത്തിക്കുന്നത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | ഡി) | നിലവിൽ 43 '108' ആംബുലൻസുകളാണ് പ്രവർത്തിക്കുന്നത്. ഇതിൽ 25 എണ്ണം തിരുവനന്തപുരം ജില്ലയിലും, 18 എണ്ണം ആലപ്പുഴ ജില്ലയിലും പ്രവർത്തനം നടത്തുന്നു. |

| | | | |
|---|---|---|---|
| ഇ) | ഇതിന്റെ പ്രതിമാസ നടത്തിപ്പിന് എന്തു തുക ചെലവാക്കുന്നു; ഇതിന് സംസ്ഥാന ബഡ്ജറ്റിൽ ഈ നടപ്പു വർഷം എന്ത് തുക മാറ്റി വച്ചിട്ടുണ്ട്; കേന്ദ്രസഹായം ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | ഇ) | '108' ആംബുലൻസിന്റെ ഒരു വാഹനത്തിന് പ്രതിമാസം 2,000 കി.മീ. ഓട്ടുവാൻ 1,06,375 രൂപയാണ് നൽകേണ്ടത്. കൂടാതെ ഇപ്രകാരം സേവനം നടത്തുന്ന എല്ലാ വാഹനങ്ങളും (അതായത് 43 വാഹനങ്ങൾ) 86,000 കി.മീ. നു മുകളിൽ ഓടുന്ന ഓരോ കി.മീ. നും 53 രൂപ കരാർ പ്രകാരം നൽകേണ്ടതാണ്. നടപ്പു സാമ്പത്തിക വർഷം 2210-01-110-24 എന്ന ശീർഷകത്തിൽ സംസ്ഥാന സർക്കാർ 1,000 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. കൂടാതെ പ്രസ്തുത പദ്ധതി കേരളം ഒട്ടാകെ വ്യാപിപ്പിക്കുന്നതിനായി 34.54 കോടി രൂപ എൻ.ആർ.എച്ച്.എം. ന്റെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തി കേന്ദ്രഗവൺമെന്റിന്റെ അനുമതിയ്ക്കായി അയച്ചിട്ടുണ്ട്. |
| എഫ്) | '108' ആംബുലൻസിന്റെ അറ്റകുറ്റപ്പണികൾ യഥാസമയം നിർവ്വഹിക്കാത്തതിനാൽ പ്രസ്തുത സർവ്വീസ് ഇപ്പോൾ ഭംഗിയായി നടക്കുന്നില്ലായെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എഫ്) | ഇത്തരത്തിൽ ഒരു ആക്ഷേപം ഒരു പത്രമാധ്യമത്തിൽ വന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കെ.എം.എസ്.സി.എൽ ന്റെ ഫ്ലീറ്റ് മാനേജ്മെന്റ് വിഭാഗം എല്ലാ മാസവും പ്രസ്തുത വാഹനങ്ങൾ പരിശോധിക്കുകയും, വേണ്ട നിർദ്ദേശങ്ങൾ സമയാസമയ ങ്ങളിൽ നൽകുകയും, വാഹന ങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. |
| ജി) | '108' ആംബുലസ് പ്രവർത്തി പ്പിക്കുവാൻ എത്ര ജീവനക്കാർ | ജി) | '108' ആംബുലൻസ് സർവ്വീസ് (Kerala Emergency Medical |

| | | | |
|---|---|---|---|
| | വേണ്ടതുണ്ട്; നിലവിൽ എത്ര പേർ ഉണ്ട്; ഇവരുടെ സേവന-വേതന വ്യവസ്ഥകൾ നിലവിൽ എന്തെന്നും ഇതിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ? | | Services Project) ഒരു പി. പി. പി (Public Private Partnership) മോഡൽ ആണ്. ഇതിലെ പ്രൈവറ്റ് പാർട്ട്ണർ ആണ് 'സികിത്സ ഹെൽത്ത് കെയർ ലിമിറ്റഡ്' പ്രസ്തുത പ്രോജക്ടിന്റെ ഓപ്പറേറ്റിംഗ് ഏജൻസിയായ 'സ്റ്റേറ്റ് ഹെൽത്ത് ആന്റ് ഫാമിലി വെൽഫയർ സൊസൈറ്റി' യും'സികിത്സ ഹെൽത്ത് കെയർ ലിമിറ്റഡ്' ഉം തമ്മിൽ ഉണ്ടാക്കിയ കരാർ പ്രകാരം ഈ ആംബുലൻസുകളിലെ ജീവനക്കാരുടെ എണ്ണം, ശമ്പളം, സേവന-വേതന വ്യവസ്ഥകൾ എല്ലാം ഓപ്പറേറ്റിംഗ് ഏജൻസിയായ 'സികിത്സ'യുടെ ഉത്തരവാദിത്തമാണ്. ഓപ്പറേറ്റിഗ് ഏജൻസിയായ 'സ്റ്റേറ്റ് ഹെൽത്ത് ആന്റ് ഫാമിലി വെൽഫയർ സൊസൈറ്റി' യ്ക്കോ, മാനേജിംഗ് ഏജൻസിയായ കെ. എം. എസ്. സി. എൽ. നോ ഇതിൽ മാറ്റം വരുത്തുവാൻ അധികാരമില്ല. |

സെക്ഷൻ ഓഫീസർ

## Annexure

| Emergency type | 2010 | 2011 | 2012 | 2013 |
|---|---|---|---|---|
| | Total | Total | Total | Jan-May |
| Abdominal Pain/Problem | 325 | 665 | 915 | 473 |
| Allergies/Envenomations(stings,bites)/Allergy | 10 | 62 | 411 | 137 |
| Animal Bites/Attack | 56 | 112 | 47 | 23 |
| Assault/Sexual Assault | 170 | 464 | 603 | 275 |
| Back Pain | 0 | 0 | 39 | 5 |
| Breathing Problems | 891 | 1,979 | 2,933 | 1,229 |
| Burns/Explosion | 65 | 126 | 192 | 68 |
| Carbon Monoxide/Inhalation/Hazmat/CBRN | 0 | 0 | 3 | 1 |
| Cardiac or Respiratory Arrest / Death / (Obvious death) | 0 | 0 | 0 | 0 |
| Chest Pain | 0 | 0 | 2,420 | 909 |
| Chocking | 0 | 0 | 44 | 12 |
| Convulsions/Seizures | 331 | 825 | 1,353 | 528 |
| Diabetic Problems | 196 | 268 | 343 | 134 |
| Drowning(near)/Diving/Scuba Accident | 47 | 130 | 164 | 74 |
| Electrocution/Lightning | 27 | 57 | 62 | 19 |
| Eye Problems/Injuries | 0 | 7 | 16 | 7 |
| Falls | 634 | 1,357 | 2,486 | 1,032 |
| Headache | 0 | 0 | 13 | 4 |
| Heart Problems/A.I.C. D | 1,741 | 3,027 | 3,082 | 1,523 |
| Heat/Cold Exposure | 0 | 0 | 5 | 0 |
| Hemorrhage/Lacerations | 196 | 509 | 841 | 382 |
| Inaccessible Incident/Other Entrapments | 114 | 297 | 223 | 87 |
| Poisoning /Overdose | 328 | 539 | 702 | 341 |
| Pregnancy/Childbirth/Miscarriage | 391 | 795 | 1,073 | 460 |
| Psychiatric/Abnormal Behavior/Suicide Attempt | 167 | 344 | 344 | 149 |
| Sick Person | 368 | 459 | 1,042 | 463 |
| Stab/Gunshot/Penetrating Trauma | 0 | 0 | 49 | 5 |
| Stroke(CVA) | 313 | 734 | 1,275 | 505 |
| Traffic/Transportation Accident | 3,214 | 6,353 | 8,285 | 3,481 |
| Transfer/Inter facility/Palliative care | 114 | 121 | 206 | 78 |
| Traumatic Injuries | 268 | 244 | 244 | 103 |
| Unconscious/Fainting(Near) | 1,425 | 2,606 | 3,243 | 1,513 |
| Unknown Problem(Man Down) | 11 | 39 | 44 | 7 |
| TOTAL | 11,402 | 22,119 | 32,702 | 14,027 |
| | Grand total | | 80,250 | |